## പ്രധാനവാർത്ത

1. യുവജനങ്ങളുടെ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ശക്തിയെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഭക്ഷ്യധാന്യ ഉത്പാദനത്തിൽ രാജ്യത്തെ കർഷകർ ചരിത്ര നേട്ടം കൈവരിച്ചതായും പ്രധാനമന്ത്രി.
2. സ്വാശ്രയത്വത്തിലേക്ക് അതിവേഗം നീങ്ങുന്ന ഇന്ത്യൻ നാവികസേനയ്ക്ക് മൻ കി ബാത്തിൽ അഭിനന്ദനം. ആഘോഷ വേളകളിൽ ഇന്ത്യൻ ഉത്പന്നങ്ങൾ വാങ്ങാൻ ജനങ്ങൾ ഓർമിക്കണമെന്നും പ്രധാനമന്ത്രി.
3. കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ സമയ പരിധി ഒരാഴ്ച കൂടി നീട്ടി. കരട് വോട്ടർ പട്ടിക ഡിസംബർ 16 ന് പ്രസിദ്ധീകരിക്കും.
4. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുന്നു. 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
5. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കം.

RNU TVPM

6. സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെൻ്റിൽ ഛത്തീസ്ഗഢിനെതിരെ കേരളത്തിന് തകർപ്പൻ ജയം.

****************************

RNU TVPM

## എംകെബി-കാർഷികം യൂത്ത് (ഇൻട്രോ)

കാർഷിക മേഖലയിൽ രാജ്യം കഴിഞ്ഞ പതിറ്റാണ്ടിൽ ചരിത്ര നേട്ടം കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 128 ആം പതിപ്പിലൂടെ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 357 ദശലക്ഷം ടൺ ഭക്ഷ്യധാന്യ ഉത്പാദനത്തോടെ , രാജ്യത്തെ കർഷകർ റെക്കോർഡ് നേട്ടമാണ് സൃഷ്ടിച്ചതെന്നും അദ്ദേഹം പറഞ്ഞു.

യുവജനങ്ങളുടെ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ ശക്തി. സ്കൈറൂട്ട് ഇൻഫിനിറ്റി കാമ്പസ് ഉൾപ്പെടെ യുവശക്തിയുടെ പ്രതിഫലനമായി രാജ്യത്ത് സമീപകാലത്ത് ആരംഭിച്ച വിവിധ സംരംഭങ്ങളെക്കുറിച്ചും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു. ചന്ദ്രയാൻ-2 ന്റെ പരാജയത്തിൽ തളരാതെ ചന്ദ്രയാൻ-3ന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ഇന്ത്യൻ ശാസ്ത്രജ്ഞരുടെ പ്രതിജ്ഞാബദ്ധതയെയും പ്രധാനമന്ത്രി പ്രകീർത്തിച്ചു.

(voice-youth )

*****************************

## മൻ കി ബാത്ത്- നാവികസേന

ഇന്ത്യൻ നാവികസേന സ്വാശ്രയത്വത്തിലേക്ക് അതിവേഗം നീങ്ങുന്നത് അഭിമാനകരമാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ

RAJU TVPM

പറഞ്ഞു. ഐ.എൻ.എസ്. മാഹിയുടെ തദ്ദേശീയ രൂപകൽപ്പന നിരവധിപ്പേരെ ആകർഷിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച അത്യാധുനിക അന്തർവാഹിനിവേധ യുദ്ധക്കപ്പലായ INS മാഹി ഈ മാസം 24 ന് മുംബൈയിൽ നടന്ന ചടങ്ങിലാണ് നാവികസേനയുടെ ഭാഗമായത്. ഉപരിതല ഭീഷണികൾ കൃത്യമായി കണ്ടെത്തി നിർവീര്യമാക്കാൻ പ്രാപ്തിയുള്ള ഈ യുദ്ധക്കപ്പൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ആണ് രൂപകൽപ്പന ചെയ്തത്.

ഒരു റിപ്പോർട്ട്

**(ഹോൾഡ്)**

ആത്മനിർഭർ ഭാരതിന്റെ തിളങ്ങുന്ന പ്രതീകമാണ് ഇന്ത്യയുടെ അത്യാധുനിക യുദ്ധക്കപ്പലായ INS മാഹി. 80 ശതമാനത്തിലധികം തദ്ദേശീയ ഉള്ളടക്കമുള്ള ഈ കപ്പൽ, സ്വദേശിവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നാവികസേനയുടെ ഉദ്യമങ്ങൾക്ക് അടിവരയിടുന്നു. സമുദ്ര പോരാട്ട ചരിത്രത്തിലെ മലബാർ തീരത്തിന്റെ മഹിമ ഉൾക്കൊണ്ടുകൊണ്ടാണ് കപ്പലിന് INS മാഹി എന്ന് പേരിട്ടത്. നീലത്തിരമാലകളുടെ പശ്ചാത്തലത്തിൽ കളരി മുറയിൽ ശത്രുക്കളെ ചുഴറ്റി വീഴ്ത്തുന്ന 'ഉറുമി'യും INS മാഹിയുടെ ചിഹ്നത്തിൽ ഇടം പിടിച്ചിട്ടുണ്ട്. മാഹി-ക്ലാസ് ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർക്രാഫ്റ്റുകളിൽ ആദ്യത്തേത് കൂടിയായ INS

RIJU TVPM

മാഹി, തീരപ്രദേശങ്ങളിലും ആഴം കുറഞ്ഞ മേഖലകളിലും ആന്റി–സബ്മറൈൻ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.
ന്യൂസ് ഡസ്ക്, ആകാശവാണി

******************************

## മൻ കി ബാത്ത്- കരകൗശലവസ്തു (ഇൻട്രോ)

മാന്നാറിൽ നിന്നുള്ള അതിമനോഹര കരകൗശലവസ്തുവായ ഓട്ടുരുളി ഓസ്ട്രേലിയൻ പ്രധാനമന്ത്രിയ്ക്ക് സമ്മാനിച്ചതിനെക്കുറിച്ചും ശ്രീ മോദി മൻ കി ബാത്തിൽ പരാമർശിച്ചു. വെങ്കലനാട് എന്നറിയപ്പെടുന്ന മാന്നാറിൽ നിർമ്മിക്കുന്ന കമനീയമായ ഓട്ടുരളികൾ ലോക പ്രസിദ്ധമാണ്.
ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്
(ഹോൾഡ്)
ക്രിസ്മസ്, പുതുവത്സര ഷോപ്പിംഗിൽ Vocal for Local' എന്ന മന്ത്രം ഓർമിക്കണമെന്നും ശ്രീ മോദി ജനങ്ങളോട് ആഹ്വാനം ചെയ്തു. രാജ്യത്ത് നിർമ്മിക്കുന്നത് മാത്രം വാങ്ങണമെന്നും, രാജ്യത്തെ പൗരൻമാരുടെ കഠിനാധ്വാനത്തിന്റെ ഫലമായി ലഭിച്ചവ മാത്രം വിൽക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

******************************

## മൻ കി ബാത്ത്-ജൈവ കൃഷി

ജൈവ കൃഷിക്കായി ദക്ഷിണഭാരതത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏറെ മതിപ്പുളവാക്കുന്നതായി പ്രധാനമന്ത്രി മൻ കി

PNUTVPM

ബാത്തിൽ വ്യക്തമാക്കി. കോയമ്പത്തൂരിൽ നടന്ന ജൈവ കൃഷി സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ, കർഷകരുടെ അനുഭവങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു. ഉന്നത വിദ്യാഭ്യാസം നേടിയ നിരവധി യുവ പ്രൊഫഷണലുകൾ ഇപ്പോൾ ജൈവ കൃഷി മേഖല സ്വീകരിക്കുന്നതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഏതാനും വർഷങ്ങളായി രാജ്യത്തെ തേൻ കയറ്റുമതിയിൽ മൂന്നിരട്ടിയിലധികം വർദ്ധന ഉണ്ടായതായും അദ്ദേഹം പറഞ്ഞു.

***************************

## എംകെബി - എൻഡ്യൂറൻസ് (ഇൻട്രോ)

എൻഡ്യൂറൻസ് സ്പോർട്സ് എന്ന രാജ്യത്ത് അതിവേഗം വളർന്നു വരുന്ന പുതിയ കായിക സംസ്കാരത്തെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ വിശദീകരിച്ചു. നമ്മുടെ പരിധികൾ പരീക്ഷിക്കുന്ന കായിക പ്രവർത്തനങ്ങളെയാണ് എൻഡ്യൂറൻസ് സ്പോർട്സ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. സമുദ്രത്തിൽ 4 കിലോമീറ്റർ നീന്തുക, 180 കിലോമീറ്റർ സൈക്കിൾ ചവിട്ടുക, 42 കിലോമീറ്ററോളം മാരത്തൺ ഓടുക എന്നീ മൂന്ന് കാര്യങ്ങൾ ഒരു ദിവസത്തിൽ താഴെ സമയം കൊണ്ട് ചെയ്യുക തുടങ്ങി അസാമാന്യമായ വിധത്തിലുള്ള ദ� ത്യങ്ങൾ ഉൾപ്പെടുന്നതിനാലാണ് ഇതിനെ അയൺമാൻ ട്രയാത്ത്ലോൺ എന്ന വിളിക്കുന്നതെന്നും ശ്രീ മോദി പറഞ്ഞു.
(ഹോൾഡ്)

***************************

RNU TVPM

## മൻ കി ബാത്ത്-വിനോദ സഞ്ചാരം

ഇന്ത്യയിൽ ശീതകാല വിനോദ സഞ്ചാരത്തിന് ഏറെ സാദ്ധ്യതകൾ ഉണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു. ഉത്തരാഖണ്ഡിലെ ശീതകാല വിനോദ സഞ്ചാരം ധാരാളം ആളുകളെ ആകർഷിക്കുന്നു. ആദി കൈലാസിലെത്തുന്ന സഞ്ചാരികളുടെ എണ്ണം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പലമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. ഉത്തരാഖണ്ഡിൽ ഏതാനും ആഴ്ചകൾക്കുള്ളിൽ വിന്ററർ ഗെയിംസ് നടക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*****************************

## മൻ കി ബാത്ത്-ബ്ലൈൻഡ് ക്രിക്കറ്റ്

ബ്ലൈൻഡ് ക്രിക്കറ്റ് ലോകകപ്പ് നേടിയ ഇന്ത്യൻ വനിതാ ടീമിനെ പ്രധാനമന്ത്രി മൻ കി ബാത്തിൽ അഭിനന്ദിച്ചു. . ടോക്കിയോയിൽ നടന്ന Deaf ഒളിമ്പിക്സിലും, ലോക ബോക്സിംഗ് കപ്പ് ഫൈനലിലും ഇന്ത്യ മികച്ച പ്രകടനം കാഴ്ചവച്ചതായി പറഞ്ഞ പ്രധാനമന്ത്രി ഐ.സി.സി ക്രിക്കറ്റ് ലോകകപ്പ്, കബഡി ലോകകപ്പ് എന്നിവ നേടിയ ഇന്ത്യൻ വനിതാ താരങ്ങളെയും പ്രശംസിച്ചു.

PNUTVPM

*****************************

## രത്തൻ യു കേൽക്കർ

കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക

പരിഷ്കരണത്തിന്റെ സമയ പരിധി ഒരാഴ്ച കൂടി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. എന്യൂമറേഷൻ ഫോം സമർപ്പിക്കുന്നതിനുള്ള തീയതി ഡിസംബർ 4 ൽ നിന്നും 11 വരെ നീട്ടി. ഡിസംബർ 16 നാണ് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക. 2026 ഫെബ്രുവരി 14 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കേരളത്തിൽ 81 ശതമാനം എന്യുമറേഷൻ ഫോമുകളുടെയും അപ്ലോഡിങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഫോം ഇതുവരെയും പൂരിപ്പിച്ചു നൽകാത്തവർ എത്രയും വേഗം ബി എൽ ഒ മാർക്ക് കൈ മാറണം. കിടപ്പ് രോഗികൾ, പ്രായമായവർ, ശാരീരികമായി വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെ പട്ടികയിൽ ചേർക്കാൻ വിട്ടു പോയവരെ ചേർക്കുന്നതിനാണ് ഇനി കൂടുതൽ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു

*****************************

## വോട്ടെണ്ണൽ കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്. വീടുകൾ തോറും കയറിയിറങ്ങിയുള്ള പ്രചാരണവും, തിരഞ്ഞെടുപ്പ് കൺവെൻഷനുകളും വാർഡുകളിൽ സജീവമാണ്. ഡിസംബർ 9,11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13

BINU TVPM

ന് നടക്കും. സംസ്ഥാനത്ത് 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു . ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്.

****************************

## സർവകക്ഷി യോഗം

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കം. ഡിസംബർ 19 വരെ നീളുന്ന സമ്മേളനത്തിൽ 15 ദിവസമാണ് സഭ ചേരുക. സമ്മേളനത്തിന് മുന്നോടിയായി ഇന്ന് രാജ്യരക്ഷ മന്ത്രി രാജ് നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ന്യൂ ഡൽഹിയിൽ സർവകക്ഷി യോഗം ചേർന്നു. കേന്ദ്രമന്ത്രിമാരും, പ്രതിപക്ഷത്തു നിന്നടക്കമുള്ള രാഷ്ട്രീയ കക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുത്തു.

****************************

## നാവികസേനാ ദിനം

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച കേരളത്തിൽ എത്തും. തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷങ്ങളിൽ നാവികസേനയുടെ അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം

RNUTVPM

വഹിക്കും. അന്ന് രാജ്ഭവനിൽ തങ്ങുന്ന രാഷ്ട്രപതി പിറ്റേ ദിവസം ഡൽഹിക്ക് മടങ്ങും.

****************************

## ക്രിക്കറ്റ്

സയ്യിദ് മുഷ്താഖ് അലി ടൺറി 20 ടൂർണ്ണമെൻ്റിൽ ഛത്തീസ്ഗഢിനെതിരെ കേരളത്തിന് എട്ട് വിക്കറ്റിൻ്റെ തകർപ്പൻ ജയം. ആദ്യം ബാറ്റ് ചെയ്ത ഛത്തീസ്ഗഢ് 19.5 ഓവറിൽ 120 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 10.4 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി. കേരളത്തിന് വേണ്ടി മൂന്ന് വിക്കറ്റ് വീഴ്ത്തിയ കെ എം ആസിഫാണ് പ്ലെയർ ഓഫ് ദി മാച്ച്. കേരള ക്യാപ്റ്റൻ സഞ്ജു സാംസൺ 15 പന്തുകളിൽ രണ്ട് ഫോറും അഞ്ച് സിക്സുമടക്കം 43 റൺസ് നേടി

*****************************************************************************************

RNUTVPM